# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **08-06-2015- ൽ മറുപടിക്ക്**
**ചോദ്യം നമ്പർ: 124**

## വിഴിഞ്ഞം തുറമുഖ പദ്ധതി

**ചോദ്യം** **മറുപടി**

**ശ്രീ. കെ.മുരളീധരൻ :**
**ശ്രീ. എം.എ.വാഹീദ് :**
ശ്രീ. ആർ.സെൽവരാജ് :
**ശ്രീ. എ.റ്റി.ജോർജ്ജ് :**

**ശ്രീ. കെ.ബാബു**
**(മത്സ്യബന്ധനവും തുറമുഖവും**
എക്സൈസും വകുപ്പു മന്ത്രി)

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു .

വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കുന്നതിന് കൺസഷനയറെ തെരഞ്ഞെടുക്കുന്നതിനായി 2010 – ൽ ലാന്റ് ലോർഡ് മാതൃകയിൽ പി.പി.പി ഘടകങ്ങളോടെ വിളിച്ച ടെണ്ടർ 2012 – ൽ വിജയം കാണാത്തതിനെ തുടർന്ന് കേന്ദ്ര സർക്കാരിന്റെ പാരിസ്ഥിതികാനുമതിയ്ക്കു ശേഷം കേന്ദ്ര ഗവൺമെന്റിന്റെ VGF ലഭ്യമാകുന്ന തരത്തിൽ പി.പി.പി ഘടകങ്ങൾ വർദ്ധിപ്പിച്ച് 2013 – ൽ ടെണ്ടർ വിളിച്ചു.

വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 2014 ജനുവരി 3–ാം തീയതി പാരിസ്ഥിതികാനുമതി നൽകി. VGF സംബന്ധിച്ച കേന്ദ്ര ധനകാര്യമന്ത്രാലയത്തിന്റെ അനുമതി 2015 ഫെബ്രുവരി 3–ാം തീയതി ലഭ്യമായി.

പദ്ധതിയ്ക്കാവശ്യമായ ആകെ 229.10 ഏക്കറിൽ 206.84 ഏക്കർ ഭൂമി ഏറ്റെടുക്കുകയും പദ്ധതിയ്ക്കാവശ്യമായ ജലം എത്തിയ്ക്കുന്നതിനുള്ള നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു.

നിർമ്മാണഘട്ടത്തിലേയ്ക്കാവശ്യമായ 5MW വൈദ്യുതി വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്ത് ലഭ്യമാക്കി. പദ്ധതിയുടെ പ്രവർത്തനഘട്ടത്തിൽ ആവശ്യമായ വൈദ്യുതി എത്തിയ്ക്കുന്നതിനുള്ള 220KV വൈദ്യുതി ലൈനിന്റെ നിർമ്മാണം പുരോഗമിക്കുന്നു. റെയിൽവെ ലൈൻ എത്തിയ്ക്കുന്നതിനുവേണ്ടി റെയിൽ വികാസ് നിഗം ലിമിറ്റഡ് മുഖാന്തിരം DPR (Detailed Project Report) തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങളനുസരിച്ച് വളരെ സുതാര്യമായി ആഗോളതലത്തിൽ നടത്തിയ ഈ മത്സരാധിഷ്ഠിത ടെണ്ടറിൽ അഞ്ചു കമ്പനികൾ യോഗ്യത നേടുകയും ഇതിൽ നിന്നും മൂന്നു കമ്പനികൾ ടെണ്ടർ ഡോക്യുമെന്റ് വാങ്ങുകയും ചെയ്തുവെങ്കിലും Ms. Adani Ports & Special Economic Zone ലിമിറ്റഡ് മാത്രമാണ് Price Bid സമർപ്പിച്ചിട്ടുള്ളത്.

ഈ ബിഡ് സ്വീകരിക്കുവാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായ ഉന്നതാധികാര സമിതിയും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡും ശുപാർശ ചെയ്തുവെങ്കിലും തീരുമാനം ഒരു സർവ്വകക്ഷി യോഗത്തിനുശേഷം എടുത്താൽ

മതിയെന്ന് മെയ് 20–ന് കൂടിയ മന്ത്രി സഭായോഗം തീരുമാനിക്കുകയുണ്ടായി

അതിൻ പ്രകാരം 2015 ജൂൺ മാസം 3–ാം തീയതി സർവ്വകക്ഷിയോഗം വിളിക്കുകയുണ്ടായി. സർവ്വകക്ഷിയോഗത്തിൽ ചില കക്ഷി നേതാക്കൾ ഇപ്പോഴത്തെ ടെണ്ടർ വ്യവസ്ഥകളെപ്പറ്റി സംശയങ്ങൾ പ്രകടിപ്പിക്കുകയും അതിന് സർക്കാർ വ്യക്തമായ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി ഇപ്പോഴത്തെ ടെണ്ടർ പ്രകാരം നടപ്പിലാക്കുന്നതിനോട് പ്രതിപക്ഷ നേതാവ് യോഗത്തിൽ എതിർപ്പ് പ്രകടിപ്പിച്ചു. പ്രസ്തുത യോഗത്തിൽ വിഴിഞ്ഞം തുറമുഖത്തിന്റെ ടെണ്ടർ നടപടികൾ വളരെ സുതാര്യമായും സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിച്ചും നടത്തുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകി.

(ബി) പ്രസ്തുത പദ്ധതിയ്ക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്.

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ F. No. 11-122/2010 -1A -III (Govt. of India, MoEF) dated 10-06-2011 & F. No. 11-122/2011 -1A –III dated 01-07-2011 ഉത്തരവുകൾ പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയ്ക്കായിട്ടുള്ള ടേംസ് ഓഫ് റഫറൻസിന് (ToR) അംഗീകാരം ലഭ്യമായി. അതനുസരിച്ച് കമ്പനിയ്ക്ക് വേണ്ടി L & T Ramboll മുഖാന്തിരം തയ്യാറാക്കിയ വിശദമായ പാരിസ്ഥിതിക പഠന റിപ്പോർട്ട് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിക്കുകയുണ്ടായി. അതിനു ശേഷം പൊതുജനങ്ങളിൽ നിന്നും പരസ്യമായി തെളിവെടുക്കുകയും, തുടർന്ന് പദ്ധതിയുടെ പാരിസ്ഥിതിക പഠന റിപ്പോർട്ടും

പൊതുജനങ്ങളിൽ നിന്നും ലഭ്യമായ പരാതികളും ഉൾപ്പെടുത്തി കേന്ദ്ര വനം പാരിസ്ഥിതിക മന്ത്രാലയത്തിന് നൽകുകയുണ്ടായി. ഇവ ടി മന്ത്രാലയത്തിന് കീഴിൽ വരുന്ന വിദഗ്ദ്ധ സമിതി വിശദമായി പരിശോധിച്ച ശേഷം 2013 ഡിസംബർ 3-ാം തീയതി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയ്ക്ക് പാരിസ്ഥിതികാനുമതി നൽകാൻ തീരുമാനിച്ചു. പാരിസ്ഥിതികാനുമതി സംബന്ധിച്ച അന്തിമ ഉത്തരവ് 2014 ജനുവരി 3 ാം തീയതി ലഭ്യമായി.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികളുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ ;

(സി) 2013 ഡിസംബർ 4-ാം തീയതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതിക്ക് ആഗോള ടെണ്ടർ വിളിച്ചത്. ടെണ്ടർ നടപടികൾ ആദ്യഘട്ടം പൂർത്തീകരിക്കുകയും താഴെ പറയുന്ന അഞ്ചു കമ്പനികൾ യോഗ്യത നേടുകയും ചെയ്തു.

- Gammon Infrastructure Projects Limited.
- Consortium of Concast Infratech Ltd. & Hyundai Engineering & Construction Co.Ltd.
- Essar Ports Ltd.
- SREI-OHL Consortium.
- Adani Ports & Special Economic Zone Ltd.

ഇവരിൽ നിന്നും താഴെ പറയുന്ന മൂന്ന് കമ്പനികൾ എട്ട് ലക്ഷം രൂപ മുടക്കി RFP യും ഇതിന്റെ ഭാഗമായ ഡ്രാഫ്റ്റ് കൺസഷൻ എഗ്രിമെന്റും വാങ്ങുകയുണ്ടായി.

- Essar Ports Ltd.
- SREI-OHL Consortium.

- Adani Ports & Special Economic Zone Ltd.

കേന്ദ്ര സർക്കാരിൽ നിന്നും വി.ജി.എഫിനുള്ള അന്തിമ അംഗീകാരം 2015 ഫെബ്രുവരി 3-ാം തീയതി ലഭിക്കുകയുണ്ടായി.

രണ്ടാം ഘട്ട നടപടികൾ പൂർത്തീകരിച്ച ശേഷം പ്രൈസ് ബിഡ് നൽകേണ്ട അവസാന ദിവസമായ 2015 ഏപ്രിൽ മാസം 24-ന് അദാനി പോർട്ട് മാത്രമാണ് ബിഡ് സമർപ്പിച്ചത്. അവർ ചിലവഴിക്കേണ്ട ആകെ പദ്ധതിതുകയായ 4089 കോടി രൂപയിൽ 39.985% ഗ്രാന്റ് ആണ് ആവശ്യപ്പെട്ടത് (1635 കോടിരൂപ). ഇതിൽ ആദ്യത്തെ 20% കേന്ദ്ര സർക്കാരും അതിനു ശേഷമുള്ള 19.985% കേരളസർക്കാരും ആണ് നൽകേണ്ടത്.

ഈ ബിഡ് സ്വീകരിക്കുവാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായ ഉന്നതാധികാര സമിതിയും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡും ശുപാർശ ചെയ്തുവെങ്കിലും തീരുമാനം ഒരു സർവ്വകക്ഷി യോഗത്തിനുശേഷം എടുത്താൽ മതിയെന്ന് മെയ് 20-ന് കൂടിയ മന്ത്രി സഭായോഗം തീരുമാനിക്കുകയുണ്ടായി

അതിൻ പ്രകാരം 2015 ജൂൺ മാസം 3-ാം തീയതി സർവ്വകക്ഷിയോഗം വിളിക്കുകയുണ്ടായി, സർവ്വകക്ഷിയോഗത്തിൽ ചില കക്ഷി നേതാക്കൾ ഇപ്പോഴത്തെ ടെണ്ടർ വ്യവസ്ഥകളെപ്പറ്റി സംശയങ്ങൾ പ്രകടിപ്പിക്കുകയും അതിന് സർക്കാർ വ്യക്തമായ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി ഇപ്പോഴത്തെ

ടെണ്ടർ പ്രകാരം നടപ്പിലാക്കുന്നതിനോട് പ്രതിപക്ഷ നേതാവ് യോഗത്തിൽ എതിർപ്പ് പ്രകടിപ്പിച്ചു. പ്രസ്തുത യോഗത്തിൽ വിഴിഞ്ഞം തുറമുഖത്തിന്റെ ടെണ്ടർ നടപടികൾ വളരെ സുതാര്യമായും സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിച്ചും നടത്തുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകി.

(ഡി) പദ്ധതിയനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ തുടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഇപ്പോഴത്തെ ബിഡിന്റെ കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതനുസരിച്ച് തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കും

(ഇ) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

(ഇ) മിഷൻ 676 ൽ നവരത്ന പദ്ധതികളുടെ കൂട്ടത്തിലാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയെ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുകയാണ് മിഷൻ 676 ന്റെ ലക്ഷ്യം. ഇതനുസരിച്ച് പദ്ധതിയുടെ നിർമ്മാണത്തിനും നടത്തിപ്പിനും വേണ്ടുന്ന ടെണ്ടർ നടപടി ക്രമങ്ങൾ പുരോഗമിക്കുകയാണ്. പദ്ധതിയുടെ നിർമ്മാണത്തിനും നടത്തിപ്പിനുമായുള്ള സ്വകാര്യ പങ്കാളിയെ കണ്ടെത്തിയതിനു ശേഷമേ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ